പതിമൂന്നാം കേരള നിയമസഭ

**പതിനാലാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ - 1855 | 06.07.2015-ൽ മറുപടിയ്ക്ക്

## നിക്ഷേപ തട്ടിപ്പുകൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.സി.ദിവാകരൻ<br>ശ്രീ.ജി.എസ്.ജയലാൽ<br>ശ്രീമതി.ഇ.എസ്.ബിജിമോൾ<br>ശ്രീ.കെ.രാജു | ശ്രീ.രമേശ് ചെന്നിത്തല<br>(ആഭ്യന്തരവും, വിജിലൻസും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് നിക്ഷേപ തട്ടിപ്പുകൾ വ്യാപിച്ചുവരുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) നിക്ഷേപ തട്ടിപ്പുകളുമായി ബന്ധപ്പെട്ട് എത്ര പരാതികൾ കഴിഞ്ഞ നാലു വർഷത്തിനിടയിൽ ലഭിച്ചിട്ടുണ്ട്, ഈ പരാതികളിന്മേൽ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ; | (ബി) നിക്ഷേപ തട്ടിപ്പുകളുമായി ബന്ധപ്പെട്ട് 3467 പരാതികൾ ഈ സർക്കാരിന്റെ കാലത്ത് ലഭിച്ചിട്ടുണ്ട്. പ്രസ്തുത പരാതികളിന്മേൽ 1799 കേസുകൾ എടുത്ത് അനന്തര നടപടികൾ സ്വീകരിച്ചു വരുന്നു. |
| (സി) മൈക്രോ ഇൻഷ്വറൻസ് നിക്ഷേപ പദ്ധതി, ജനശ്രീവായ്പാ പദ്ധതി എന്നീ തട്ടുപ്പുകളെ സംബന്ധിച്ചുള്ള പരാതികളിന്മേൽ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ; | (സി) മൈക്രോ ഇൻഷ്വറൻസ് നിക്ഷേപ പദ്ധതി, ജനശ്രീവായ്പാ പദ്ധതി എന്നീ തട്ടിപ്പുകളെ സംബന്ധിച്ച് പാലക്കാട്, തിരുവനന്തപുരം റൂറൽ എന്നീ പോലീസ് ജില്ലകളിൽ ഓരോ കേസുകൾ രജിസ്റ്റർ ചെയ്ത് മേൽ നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ഡി) ഇത്തരം തട്ടിപ്പുകൾ തടയുന്നതിന് എന്തുനടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ? | (ഡി) ജില്ലകളിലെ പണമിടപാടു സ്ഥാപനങ്ങൾ നിരീക്ഷിച്ചു വരികയും, ഇത്തരം തട്ടിപ്പുകളിൽ പണം മുടക്കി വഞ്ചിതരാവാതിരിക്കാൻ ജനമൈത്രി പോലീസിന്റേയും മറ്റും സഹായത്തോടെ ജനങ്ങൾക്ക് ബോധവൽക്കരണം സംഘടിപ്പിച്ചു വരുന്നു. കൂടാതെ ഇത്തരം തട്ടിപ്പുകൾ നടത്തുന്നവർക്കെതിരെ കർശന നിയമനടപടികളും സ്വീകരിച്ചു വരുന്നു. |

17/7/15

സെക്ഷൻ ഓഫീസർ